## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4022 — 18.10..2011 ൽ മറുപടിയ്ക്ക്

### പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം

ചോദ്യം — ഉത്തരം

ശ്രീ.എ.എ.അസീസ് — ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (റവന്യു വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | റോഡ്, തോട് പുറമ്പോക്കുകളിൽ വർഷങ്ങളായി താമസിച്ചുവരുന്നവർക്ക് പട്ടയം നൽകുന്നതിന് നടപടി എടുക്കുമോ; | എ) | പൊതുമരാമത്ത് വകുപ്പിന്റെ 30.9.09-ലെ 20541/സി3/09-ാം നമ്പർ സർക്കുലർപ്രകാരം റോഡ് പുറമ്പോക്കും, റോഡിനോട് ചേർന്ന സ്ഥലങ്ങളും പതിച്ച് നൽകാൻ കഴിയാത്തതിനാൽ നിലവിൽ പട്ടയം നൽകുന്ന നടപടി സ്വീകരിക്കാൻ സാധിക്കാത്തതാണ്. എന്നാൽ പതിച്ചു നൽകാൻ കഴിയാത്ത കേസുകളിൽ 9.11.09 ലെ ജി.ഒ (എം.എസ്)440/99/ ആർ.ഡി ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്തുകളുടെ പരിധിയിൽ വരുന്ന റോഡ്, തോട് പുറമ്പോക്കുകളിൽ 1992 ജനുവരി 1ന് മുമ്പ് വീട് വച്ച് താമസിക്കുന്നവർക്കും മറ്റൊരിടത്തും സ്വന്തമായി ഭൂമി ഇല്ലാത്തവരുമായ ആളുകൾക്ക് പരമാവധി 10 സെന്റ് ഭൂമിക്ക് കൈവശരേഖ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) | ഇപ്രകാരമുള്ളവർക്ക് പട്ടയം ലഭിക്കാത്തതിനാൽ റേഷൻ കാർഡോ വൈദുതിയോ ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | ബി) | പുറമ്പോക്കിൽ താമസിക്കുന്നവർക്ക് കൈവശരേഖകൾ നൽകുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ റേഷൻ കാർഡും വൈദ്യുതിയും ലഭിക്കുന്നുണ്ട്. |
| സി) | സുപ്രീം കോടതിയുടെ എസ്.എൽ.പി.സി 8519/2006 നമ്പരിലുള്ള 16.2.2010 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിനോ അല്ലെങ്കിൽ ഇവരെ ഒഴിപ്പിക്കുന്നതിനോ നടപടി സ്വീകരിച്ചിട്ടുണ്ടോ? | സി) | സർക്കാർ പുറമ്പോക്കിൽ കയ്യേറി താമസിക്കുന്നവരിൽ അർഹരായവർക്ക് കൈവശരേഖ നൽകുന്നുണ്ട്. അനർഹരായവരെ ഒഴിപ്പിക്കുന്നതിനുള്ള ആവശ്യമായ നടപടി സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ